**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2132** **16-03-2022 - ൽ മറുപടിയ്ക്ക്**

**വെൽനസ് സെന്ററായി ഉയർത്തിയ പി .എച്ച്.സി ഉപകേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട നിയോജകമണ്ഡലത്തിൽ വെൽനസ് സെന്ററായി ഉയർത്തിയ പി .എച്ച്.സി ഉപകേന്ദ്രങ്ങളിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് നടക്കുന്നത്; അവയുടെ നിലവിലെ സ്ഥിതി എന്താണ്; പ്രസ്തുത സെന്ററുകളിൽ മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡർമാരെ നിയമിച്ചിട്ടുണ്ടോ; അവരുടെ സേവനങ്ങളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ? | (എ) | കാട്ടാക്കട നിയോജകമണ്ഡലത്തിലെ വെൽനസ് സെന്റർ ആയി ഉയർത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പേര് അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത കേന്ദ്രങ്ങളെ വെൽനസ് സെന്റർ ആയി ഉയർത്തുന്നതിനായി നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത സെന്ററുകളിൽ മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡർമാരുടെയും, സ്റ്റാഫ് നേഴ്സിന്റെയും, മറ്റ് ജീവനക്കാരുടെയും സേവനം ആവശ്യമാണ്. പൊതുജനാരോഗ്യം, വീടുകൾ സന്ദർശിക്കുക, കുടുംബങ്ങളുടെ ഡാറ്റാ ബേസ് തയ്യാറാക്കൽ, ഔട്ട് ബ്രേക്ക്, പ്രകൃതി ദുരന്തങ്ങൾ എന്നിവ ഉണ്ടാകുമ്പോൾ മെഡിക്കൽ ടീമിനെ സഹായിക്കുക എന്നീ പ്രവർത്തനങ്ങൾ പൊതുജനാരോഗ്യ പ്രവർത്തകർ, ആശാ വർക്കർമാർ എന്നിവരുടെ സഹകരണത്തോടെ നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കാട്ടാക്കട നിയോജക മണ്ഡലത്തിലെ വെൽനസ് സെന്റർ ആയി ഉയർത്തുന്നതിനായി**

**തെരഞ്ഞെടുത്തിട്ടുള്ള ആരോഗ്യ ഉപകേന്ദ്രങ്ങൾ**

| ക്രമ നം. | കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പേര് | ആരോഗ്യ ഉപ കേന്ദ്രങ്ങളുടെ പേര് |
|---|---|---|
| 1. | ആമച്ചൽ കുടുംബാരോഗ്യ കേന്ദ്രം | 1. പ്ലാവൂർ ആരോഗ്യ ഉപ കേന്ദ്രം<br>2. കാട്ടാക്കട ന്യൂ ആരോഗ്യ ഉപകേന്ദ്രം<br>3. ആമച്ചൽ മെയിൻ സെന്റർ ആരോഗ്യ ഉപകേന്ദ്രം |
| 2. | വിളവൂർക്കൽ കുടുംബാരോഗ്യ കേന്ദ്രം | 1. കുരിശുമുട്ടം ആരോഗ്യ ഉപകേന്ദ്രം<br>2. ചൂഴാറ്റുകോട്ട ആരോഗ്യ ഉപകേന്ദ്രം |
| 3. | പള്ളിച്ചൽ കുടുംബാരോഗ്യ കേന്ദ്രം | 1. പുന്നമൂട് ആരോഗ്യ ഉപകേന്ദ്രം<br>2. കണ്ണംകോട് ആരോഗ്യ ഉപകേന്ദ്രം |
| 4. | മാറനല്ലൂർ കുടുംബാരോഗ്യ കേന്ദ്രം | 1. പുന്നാവൂർ ആരോഗ്യ ഉപകേന്ദ്രം<br>2. കരിങ്കൽ ആരോഗ്യ ഉപകേന്ദ്രം<br>3. കണ്ടല ആരോഗ്യ ഉപകേന്ദ്രം |

സെക്ഷൻ ഓഫീസർ